കേരള സർക്കാർ

# പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി14)1495/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 14.09.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി14)1495/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email :doekm.ksad@kerala.gov.in

തീയതി : 14.09.2017

# എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016. മുതൽ 31.03.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ധന്യ ബാലകൃഷ്ണൻ,ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.07.2017 മുതൽ 20.07.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | അനിൽ മാത്യു ഐപ്പ്, ഓഡിറ്റ് ഓഫീസർ |
| | ജലജ.എം.കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | നവാസ്.സി.എം., ഓഡിറ്റർ |
| | പ്രവീൺ.വി.എൻ., ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | അലക്സി സ്കറിയ | 01.04.2016 | 31.03.2017 |
| സെക്രട്ടറി | പി. അശോകൻ | 01.04.2016 | 22.07.2016 |
| | കെ.അനിൽകുമാർ (ഇൻ-ചാർജ്ജ് ) | 23.07.2016 | 31.03.2017 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | കെ. അനിൽകുമാർ | 01.04.2016 | 31.03.2017 |
| കൃഷി ഓഫീസർ | സൂസൻ ലീ തോമസ് | 01.04.2016 | 31.03.2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | ജെ.ആർ. ജിത | 01.04.2016 | 31.07.2016 |
| | നസിയ പി.എം | 01.08.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.രമ്യ രവീന്ദ്രൻ | 01.04.2016 | 06.08.2016 |
| | ഡോ.സഖിൽ രവീന്ദ്രൻ | 07.08.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.റോയി.എം.ജോർജ്ജ് | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.പി. സംഗീത | 01.04.2016 | 19.08.2016 |
| | ഡോ.മിനിമോൾ കെ.ആർ | 20.08.2016 | 31.03.2017 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | റമീസ് പി. മുഹമ്മദ് | 01.04.2016 | 31.03.2017 |
| വെറ്റിനറി സർജൻ | ഡോ.ഷീന ജോസഫ്. | 01.04.2016 | 31.03.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | കെ.ആർ. രാജേഷ്. | 01.04.2016 | 31.03.2017 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | വി.എ. റാഷിദ | 01.04.2016 | 31.03.2017 |
| ഹെഡ് മിസ്ട്രസ്സ്, ജി.എൽ.പി.എസ്, പോത്താനിക്കാട് | കെ.കെ. സെൽമ. | 01.04.2016 | 31.03.2017 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |

| | | |
|---|---|---|
| 6 | തനത് വരുമാനം | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം – 2 | |
| 11 | വാർഷിക കണക്കുകൾ പരിശോധിച്ചതിന്റെ വിവരം | 2-1 |
| 12 | തനത് ഫണ്ട് തുക അടവാക്കിയത് തെറ്റായി സർക്കാരിലേക്ക് ക്രഡിറ്റ് ചെയ്തത്- സംബന്ധിച്ച് | 2-2 |
| 13 | വസ്തുനികുതി ഈടാക്കാത്ത് - സംബന്ധിച്ച് | 2-3 |
| 14 | കെട്ടിടം വിഭജിച്ചും യഥാർത്ഥ വിസ്തീർണ്ണം കണക്കിലെടുക്കാതെയും വസ്തുനികുതി നിർണ്ണയിക്കുന്നു | 2-4 |
| 15 | മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി ഈടാക്കിയതിൽ കുറവ് | 2-5 |
| 16 | വിവിധ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-6 |
| 17 | BSNL- സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് | 2-7 |
| 18 | പരസ്യ നികുതി ലേലം സംബന്ധിച്ച് | 2-8 |
| 19 | കുറഞ്ഞ നിരക്കിൽ ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കുന്നു | 2-9 |
| 20 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-10 |
| 21 | കടമുറികൾ വാടകയ്ക്ക് നൽകൽ – അപാകതകൾ | 2-11 |
| | ഭാഗം - 3 | |
| 22 | തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് സംബന്ധിച്ച് | 3-1 |
| 23 | വെള്ളക്കരം വൻതുക കുടിശ്ശിക | 3-2 |
| 24 | ഹോമിയോ ഡിസ്പെൻസറിക്ക്മരുന്ന് ലഭ്യമായില്ല | 3-3 |
| 25 | വയോജനങ്ങൾക്ക് പ്രതിരോധ മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായി ലഭ്യമാക്കിയില്ല | 3-4 |
| 26 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-5 |
| 27 | വാഹന വാടക നൽകിയത്-ആദായനികുതി ഈടാക്കിയില്ല | 3-6 |
| 28 | ഇ-ടെൻഡർ മുഖേന ടെൻഡർ നടത്തിയ പ്രവൃത്തികളുടെ ടെൻഡർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല | 3-7 |
| | ഭാഗം – 4 | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2016-17 | അനുബന്ധം.1 |
| 39 | ബാലൻസ് ഷീറ്റ് – 2016-17 | അനുബന്ധം.2 |
| 40 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് – 2016-17 | അനുബന്ധം.3 |
| 41 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2016-17 | അനുബന്ധം.4 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 21.02.2016ലെ തീരുമാനം 5(1) പ്രകാരം യോഗം അംഗീകരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു :-

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 3,63,65,978 | 3,57,49,000 |
| വാർഷിക കണക്ക് പ്രകാരം (വരവ് ചെലവ് പത്രിക പ്രകാരം) | 2,32,24,227 | 2,11,78,391 |

ഇ.എഫ്.എം.എസ്. മുഖേന എം.ജി.എൻ.ആർ.ഇ.ജി.എസ്., ബി-ഫണ്ട് എന്നീ ഇനങ്ങളിൽ നടന്നിട്ടുള്ള യഥാക്രമം 2,20,69,120/- രൂപയുടേയും 1,34,38,475/- രൂപയുടേയും വരവു ചെലവുകൾ വരവു ചെലവു പത്രിക പ്രകാരമുള്ള വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. ഇവയുൾപ്പെടെയുള്ള കണക്കു നോക്കിയാൽ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു ചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ കാര്യമായ വ്യത്യാസം ഇല്ലെന്ന് കാണാം.

വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്നതിനനുസരിച്ച് സപ്ലിമെന്ററി അല്ലെങ്കിൽ റിവൈസ്ഡ് ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടണം. എങ്കിൽ മാത്രമേ പ്ലാൻ ചെലവുകൾ പഞ്ചായത്ത് രാജ് നിയമത്തിന്റെ 214-ാം വകുപ്പ് പ്രകാരം അനുവദനീയമാവുകയുള്ളൂ. എന്നാൽ 2016-17 വർഷത്തെ വാർഷിക പദ്ധതി ചെലവുകൾ ഉൾപ്പെടുത്തി ബജറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങുകയുണ്ടായില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-7-2017 | 05-7-2017 |

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചില ന്യൂനതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ഖണ്ഡിക 2-1ൽ ചേർത്തിട്ടുണ്ട്. ഓഡിറ്റ് സർട്ടിഫിക്കറ്റ്,

ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റമെന്റ് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22,95,451 |
| വരവ് | 2,32,24,227 |
| ആകെ | 2,55,19,678 |
| ചെലവ് | 2,11,78,397 |
| നീക്കിയിരിപ്പ് | 43,41,281 |

# 1-4 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 45,44,723 | 43,12,724 | 94% |
| വികസനഫണ്ട്(എസ്.സി.പി) | 14,26,890 | 11,35,729 | 79% |
| വികസനഫണ്ട് (ടി.എസ്.പി) | 87,405 | 78,380 | 89% |
| സംരക്ഷണഗ്രാന്റ് (റോഡ്) | 21,33,000 | 12,84,099 | 60% |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 25,54,755 | 15,87,208 | 62% |
| 13- ാം ധനകാര്യ കമ്മീഷൻ അവാർഡ് | 25,49,008 | 18,09,400 | 70% |
| പെർഫോമൻസ് ഗ്രാന്റ് | 16,47,952 | 14,16,525 | 85% |
| ബി ഫണ്ട് | 1,34,38,475 | 1,34,38,475 | 100% |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 81,91,427 (മുന്നിരിപ്പ് ₹.29,966/-ഉൾപ്പെടെ) | 8178,322 | 100% (നീക്കിയിരിപ്പ് ₹13105/-) |

ഓരോ വിഭാഗത്തിലും (ജനറൽ, എസ്.സി.പി., ടി.എസ്.പി., റോഡ്, റോഡിതരം, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പെർഫോമൻസ് ഗ്രാന്റ്) ലഭിച്ച തുകകൾ പൂർണ്ണമായും ചെലവഴിക്കാതെ പാഴായിപ്പോയിട്ടുണ്ട്. ലഭ്യമായ ഫണ്ടുകൾ കാര്യക്ഷമമായും പൂർണ്ണമായും വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| | | | | (എണ്ണം) | | ശതമാനം |
|---|---|---|---|---|---|---|
| 120 | 1,72,34,700 | 89 | 1,29,49,273 | 27 | 4 | 74% |

# 1-6 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെപ്പറയും പ്രകാരം 71% ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 24,18,873 | 45,87,710 | 21,68,837 | +89.66% |
| നികുതിയേതര വരവുകൾ | 9,18,889 | 11,43,084 | 2,24,195 | +24.39% |
| മറ്റുവരവുകൾ | 34,441 | 36,788 | 2,347 | +6.81% |
| ആകെ | 33,72,203 | 57,67,582 | 23,95,379 | +71% |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 47,040 | 31 |
| കർഷകത്തൊഴിലാളി പെൻഷൻ | 24,38,680 | 269 |
| വിധവാപെൻഷൻ | 27,79,670 | 288 |
| വാർദ്ധക്യകാലപെൻഷൻ | 68,07,195 | 500 |
| വികലാംഗപെൻഷൻ | 12,67,140 | 139 |
| 50 വയസ്സിന് മുകളിൽ പ്രായമായ അവിവാഹിതകൾക്കുള്ള ധനസഹായം | 1,45,790 | 15 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 30,000 | 1 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.07.2017ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് 354/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ വരവു ചെലവു രജിസ്റ്ററുകളും രേഖകളും കൃത്യമായി എഴുതി സൂക്ഷിക്കുകയും ചെലവു വൗച്ചറുകൾ പരിശോധനയ്ക്കു ഹാജരാക്കാവുന്ന തരത്തിൽ ക്രമനമ്പർ പാലിച്ച ഫയൽ ചെയ്തു സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം നന്നായി പ്രവർത്തിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.6.2017 മുതൽ 22.6.2017 വരെ | 01.05.17മുതൽ 31.05.17 വരെ | 06.07.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.11.2013 മുതൽ 18.11.2013 വരെ | 2008-09 മുതൽ 2012-13 വരെ | 18.01.2014 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകൾ പരിശോധിച്ചതിന്റെ വിവരം

പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക കണക്കുകൾ ഓഡിറ്റ് സമയത്ത് പരിശോധിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിന്റെ സാംഖ്യ അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിലെയും, സഞ്ചയ സോഫ്റ്റ് വെയറിലെയും വസ്തു നികുതിയുടെ ഡി.സി.ബി. പൊരുത്തപ്പെടുന്നില്ല. ഈ അപാകത പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.
2. ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്ത് സചിത്ര സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി സാംഖ്യ അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ലിങ്ക് ചെയ്തിട്ടില്ല. പഞ്ചായത്തിന്റെ എല്ലാ ആസ്തികളും കാലികമായി അപ്ഡേറ്റ് ചെയ്ത് സാംഖ്യയിലെ ബി-11 ഷെഡ്യൂൾ കൃത്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 തനത് ഫണ്ട് തുക അടവാക്കിയത് തെറ്റായി സർക്കാരിലേക്ക് ക്രെഡിറ്റ് ചെയ്തു

ഗ്രാമ പഞ്ചായത്തിന്റെ പ്രതിദിന കളക്ഷൻ തുക അടവാക്കി പോരുന്നത് പോത്താനിക്കാട് ഫാർമേഴ്സ് കോ. ഓപ്പറേറ്റീവ് ബാങ്കിലെ അക്കൗണ്ടിൽ ആണ്. കേന്ദ്ര സർക്കാരിന്റെ നോട്ട് അസാധുവാക്കൽ തീരുമാന പ്രകാരം പഞ്ചായത്തിലെ 08.11.2016 തീയതിലെ ഫ്രണ്ട് ഓഫീസ് കളക്ഷൻ തുകയായ 1,01,752/- രൂപ പ്രസ്തുത അക്കൗണ്ടിൽ അടയ്ക്കുവാൻ സാധിച്ചില്ല. ടി തുക സെക്രട്ടറിയുടെ പേരിലുള്ള കോതമംഗലം സബ് ട്രഷറിയിലെ STSB-09 അക്കൗണ്ടിൽ നിക്ഷേപിക്കാൻ തീരുമാനിച്ചത് പ്രകാരം 10.11.2016 തീയതിയിൽ തുക അടവാക്കിയപ്പോൾ STSB പേസ്ലിപ്പ് ഉപയോഗിക്കുന്നതിന് പകരം തെറ്റായി TR-12 ചെല്ലാനിൽ 3604-00-200-88-05-NP ഹെഡ് ഓഫ് അക്കൗണ്ട് നമ്പർ രേഖപ്പെടുത്തിയാണ് തുക നിക്ഷേപിച്ചിട്ടുള്ളത്. ഇത് സർക്കാർ ഹെഡ് ആയതിനാൽ തുക സർക്കാരിലേയ്ക്ക് ക്രഡിറ്റ് ചെയ്തു. ടി തുക തിരികെ ലഭിക്കുന്നതിന് സർക്കാരിന്റെ അനുമതി ലഭിക്കുന്നതിനായി പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപടികൾ ത്വരിതപ്പെടുത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-3 ഹോസ്പിറ്റലിന്റെ വസ്തുനികുതി ഈടാക്കിയില്ല.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സെന്റ് മേരീസ് ഹോസ്പിറ്റൽ, പോത്താനിക്കാട് എന്ന സ്ഥാപനം 'സഞ്ചയ സോഫ്റ്റ് വെയറിൽ' നികുതി ഒഴിവാക്കപ്പെട്ട കെട്ടിടം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി കണക്കാക്കാതെ ഒഴിവാക്കപ്പെട്ടിരിക്കുകയാണ്. വസ്തുനികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന എൻക്വയറിക്ക്

നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

ടി കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. കൂടാതെ 'നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ' എന്ന വിഭാഗത്തിൽ ഉൾപ്പെട്ട എല്ലാ കെട്ടിടങ്ങളും (പ്രത്യേകിച്ച് ആരാധനാലയങ്ങളോട് ചേർന്നുള്ള ആരാധന/പ്രാർത്ഥനയ്ക്ക് ഉപയോഗിക്കാത്ത എല്ലാ കെട്ടിടങ്ങളും) പുന:പരിശോധിച്ച് നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## 2-4 കെട്ടിടം വിഭജിച്ചും യഥാർത്ഥ വിസ്തീർണ്ണം കണക്കിലെടുക്കാതെയും വസ്തുനികുതി നിർണ്ണയിക്കുന്നു.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്" എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ(ആർ.ഡി.)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 30/-രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50/-രൂപയായും, 01.03.2012 തീയതിലെ C3-116/2012നമ്പർ പ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(എ) വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിശ്ചയിക്കുകയും മുഴുവൻ വിസ്തീർണ്ണത്തിനും നികുതി നിശ്ചയിക്കാതിരിക്കുകയും ചെയ്യുന്നു.

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ശ്രീ. ആദായി ടി.എം, തോലാനിക്കുന്നേൽ, പോത്താനിക്കാട് പി.ഒ. എന്ന വ്യക്തിയുടെ പോത്താനിക്കാട് വില്ലേജിൽ സർവ്വേ നം. 859/3 ലെ വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന്റെ 175.61 ച.മീ. തറ വിസ്തീർണ്ണമുള്ള ഒന്നാം നിലയെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും അതിൽ 73.67 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ഉയർന്ന നികുതി നിരക്ക് നൽകുന്നതിന് പകരം 100/-ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള കെട്ടിടത്തിന് ബാധകമാകേണ്ട 30/-രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കിയതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റ വിസ്തൃതി (ച.മീ.) | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന- ഇളവ് ഉൾപ്പടെ (ച.മീ.ന് 50/30 രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന – ഇളവ് ഉൾപ്പടെ (ച.മീ.ന് 50 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|
| 10/25A | 101.94 FF | 5812 + 291 LC (101.94 x 50) (+20%റോഡ്, 1- ാം നില5% കുറവ്) | 5812 + 291 LC (101.94 x 50) (+20%റോഡ്, 1- ാം നില5% കുറവ്) | - |

| | | | | |
|---|---|---|---|---|
| 10/25B | 73.67 FF | 2521 + 127 LC (73.67 x 30 + 20%റോഡ്, 1- ാം നില 5% കുറവ്) | 4200 + 210 LC (73.67 x 50 + 20%റോഡ്, 1- ാം നില 5% കുറവ്) | 1679+83 |

പ്രസ്തുത കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം താഴത്തെ നിലയുടെ തറ വിസ്തീർണ്ണം 194.83 ചതുരശ്ര മീറ്റർ എന്നും നിലവിലുണ്ടായിരുന്ന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 163.52 ചതുരശ്ര മീറ്റർ എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ താഴത്തെ നിലയെ 18 ചതുരശ്ര മീറ്റർ വീതം തറ വിസ്തീർണ്ണമുള്ള 8 കട മുറികളായിട്ടാണ് (X/25 മുതൽ 32 വരെ) തിരിച്ചിട്ടുള്ളത്. ഇതു പ്രകാരം 2013ലെ വസ്തുനികുതി പരിഷ്കരണത്തിന് മുൻപ് ആകെ 144 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് മാത്രമാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത് (2005-06 ൽ). കെട്ടിടത്തിന്റെ അവശേഷിക്കുന്ന 50.83 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന്റെ വസ്തുനികുതി നാളിതുവരെ നിർണ്ണയിച്ചിട്ടില്ല.

ഇപ്രകാരം കുറവായി വസ്തുനികുതി നികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറിക്ക് (നം.8) അധികമായി അടയ്ക്കേണ്ട തുക അടവാക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

(ബി) <u>വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിശ്ചയിച്ചത്.</u>

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ശ്രീമതി. പ്രീതി ഡൊമിനിക്ക് & അസി ജോർജ്ജ്, കൊച്ചുമുട്ടം, കുവള്ളൂർ പി.ഒ, പോത്താനിക്കാട് എന്നയാളുടെ ഉടമസ്ഥതയിലുള്ള പോത്താനിക്കാട് വില്ലേജിൽ സർവ്വേ നം. 915/1A/80/3 ലെ ആകെ 113.67ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിനെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും അവയ്ക്ക് 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ചതുരശ്രമീറ്ററിന് 50/-രൂപ പ്രകാരമുള്ള നികുതി നിരക്ക് നൽകുന്നതിന് പകരം 100/-ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള കെട്ടിടത്തിന് ബാധകമാകേണ്ട 30/-രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കിയതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റ വിസ്തതി (ച.മീ.) | നിർണ്ണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന്₹30നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന്₹50നിരക്കിൽ) | കുറവ് |
|---|---|---|---|---|
| 8/44A | 22.734 GF | 751 + 38 LC (22.734 x 30) (+20%റോഡ്, - 10% ദ്വിതീയം) | 1251 + 63 LC (22.734x 50)(+20%റോഡ്, - 10% ദ്വിതീയം) | 500+25 |
| 8/44B | 22.734 GF | 751 + 38 LC (22.734 x 30) (+20%റോഡ്, - 10% ദ്വിതീയം) | 1251 + 63 LC (22.734x 50)(+20%റോഡ്, - 10% ദ്വിതീയം) | 500+25 |
| 8/44C | 22.734 GF | 751 + 38 LC (22.734 x 30) (+20%റോഡ്, - 10% ദ്വിതീയം) | 1251 + 63 LC (22.734x 50)(+20%റോഡ്, - 10% ദ്വിതീയം) | 500+25 |
| 8/44D | 22.734 GF | 751 + 38 LC (22.734 x 30) (+20%റോഡ്, - 10% ദ്വിതീയം) | 1251 + 63 LC (22.734x 50)(+20%റോഡ്, - 10% ദ്വിതീയം) | 500+25 |
| 8/44E | 22.734 GF | 751 + 38 LC (22.734 x 30) (+20%റോഡ്, - 10% ദ്വിതീയം) | 1251 + 63 LC (22.734x 50)(+20%റോഡ്, - 10% ദ്വിതീയം) | 500+25 |

ഇപ്രകാരം കുറവായി വസ്തുനികുതി നികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറിക്ക് (നം.9) മറുപടി ലഭിച്ചിട്ടില്ല.

നിലവിൽ ഇതേ രീതിയിൽ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള സമാനമായ വാണിജ്യ കെട്ടിടങ്ങളുടെയും കൂട്ടിചേർക്കൽ മൂലം 100 ച.മീ.ന് മേൽ വിസ്തീർണ്ണമായ കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി ഈടാക്കിയതിൽ കുറവ്

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി ചുമത്തുമ്പോൾ പെർമിറ്റ് എടുത്ത മുഴുവൻ ഭാഗത്തിനും സ.ഉ. (അ)19/2011/തസ്വഭവ/തീ.14/01/2011 പ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്ത നിരക്കിൽ നികുതി ചുമത്തുന്നില്ല. ബാറ്ററി മുറി, അനുബന്ധമുറി എന്നിവയ്ക്ക് മാത്രമാണ് നികുതി ചുമത്തപ്പെടുന്നത്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം-2(m), സ.ഉ.(സാധാ)നം. 707/14/തസ്വഭവ തീ.7/3/14 എന്നിവ പ്രകാരം കെട്ടിടം എന്നാൽ ഏതെങ്കിലും ഉദ്ദേശത്തിന് ഏതെങ്കിലും വസ്തുക്കൾക്കൊണ്ട് നിർമ്മിച്ച ഏതൊരുപണിപ്പാടും എന്നർത്ഥമാകുന്നു. (the term *building* means “any structure for whatever purpose and of whatever material”). ഇതനുസരിച്ച് മൊബൈൽ ടവറുകളുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാഗത്തെയും (ടവറിന്റെ പോൾസ്ട്രക്ചർ, അനുബന്ധ മുറികളുടെ വിസ്തീർണ്ണം ഉൾപ്പെടെ) നികുതി ചുമത്തേണ്ടതാണ്.

വസ്തുനികുതിയുമായി ബന്ധപ്പെട്ട അനുബന്ധ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള 6 മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടവറിന്റെ വിവരം | കെട്ടിട നം. | നികുതി നിർണ്ണയത്തിന് കണക്കിലെടുത്ത വിസ്തീർണ്ണം (ച.മീ.) | പെർമിറ്റ് എടുത്ത സ്കെച്ച് പ്രകാരം യഥാർത്ഥ വിസ്തീർണ്ണം (ടവറിന്റെ പോൾസ്ട്രക്ചർ, അനുബന്ധ മുറികളുടെ വിസ്തീർണ്ണം ഉൾപ്പെടെ) (ച.മീ.) |
|---|---|---|---|---|
| 1 | ഭാരതി ഇൻഫ്രാ ടെക് ലിമിറ്റഡ് | 11/424 | 7.5 ച.മീ | 32.74 ച.മീ |
| 2 | ഭാരതി ഇൻഫ്രാ ടെക് ലിമിറ്റഡ് | 11/ 424/A | 7.5 ച.മീ | 39.82ച.മീ |
| 3 | ഹച്ചിസൺ എസ്സാർ സെല്ലുലാർ ലി. | 12/166 | 7.25 ച.മീ | 69.28ച.മീ |
| 4 | ഐഡിയ സെല്ലുലാർ ലിമിറ്റഡ് | 12/167 | 6.5ച.മീ | 68.31ച.മീ |
| 5 | ഐഡിയ സെല്ലുലാർ ലിമിറ്റഡ് | 13/ 307/A | 16.08ച.മീ | 27.52ച.മീ |
| 6 | ബി.എസ്.എൻ.എൽ. | 13/ 307/B | 16.8ച.മീ | 21.61ച.മീ |

എല്ലാ മൊബൈൽ ടവറുകളുടെയും ശരിയായ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലല്ല നികുതി നിശ്ചയിച്ചിരിക്കുന്നത് എന്ന് വ്യക്തമാണ്. ആയതിനാൽ മൊബൈൽ ടവറുകളുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാഗത്തെയും (ടവറിന്റെ പോൾസ്ട്രക്ചർ, അനുബന്ധ മുറികളുടെ വിസ്തീർണ്ണം) നികുതി ചുമത്തേണ്ടതാണ്.

മൊബൈൽ ടവറുകളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 വിവിധ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1. 2016-17 വർഷം ചുവടെ ചേർക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു :-

| ക്രമ നം. | സ്ഥാപനങ്ങളുടെ പേര്/തൊഴിൽ നികുതി രജി.പേജ് | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയ വിവരം | |
|---|---|---|---|
| | | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധവർഷം |
| 1. | പുളിന്താനം വനിതാ ക്ഷീരോല്പാദക സംഘം /53 | 180/-11603101824 /30-09-2016 | 180/-11603109333 /31-03-2017 |
| 2 | നോർത്ത് പുളിന്താനം പി.ഡി.ഡി.പി./54 | 300/-11603101846 /30-09-2016 | 300/-11603103364 /01-03-2017 |
| 3 | പറമ്പഞ്ചേരി – പി.ഡി.ഡി.പി. /55 | 300/-11603101847 /30-09-2016 | 300/-11603103913 /17-03-2017 |
| 4 | പോത്താനിക്കാട് ഭവന നിർമ്മാണ സഹകരണ സംഘം./57 | 3500/-11603101876 /30-09-2016 | 2550/-11603103933 /18-03-2017 |
| 5 | പോത്താനിക്കാട് വനിതാ സഹകരണ സംഘം ഇ112/58 | 750/-11603101785 /30-09-2016 | 750/-11603103337 /28-02-2017 |
| 6 | തൃക്കേപ്പടി പി.ഡി.ഡി.പി. | 360/-11603101848 /30-09-2016 | 360/11603103912 /17-03-2017 |
| 7 | പോത്താനിക്കാട് അഗ്രികൾച്ചറൽ ഫാർമേഴ്സ് ഇംപ്രൂവ്മെന്റ് ബാങ്ക് | - | - |

2. ഓഡിറ്റോറിയങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല.

തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ പോത്താനിക്കാട് ജംഗ്ഷനിൽ പ്രവർത്തിക്കുന്ന ഗ്രേസ് ഓഡിറ്റോറിയം, ഇരുമ്പായിൽ ഓഡിറ്റോറിയം എന്നീ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3. പഞ്ചായത്ത് വക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ വാടകയ്ക്ക് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടി പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | റൂം നം. | വാടകക്കാരന്റെ പേര് |
|---|---|---|
| 1 | IX/231 | സാബു വർഗ്ഗീസ് |
| 2 | IX/230 | സാബു വർഗ്ഗീസ് |
| 3 | IX/229 | ജോബി പി. എബ്രഹാം |

| | | |
|---|---|---|
| 4 | IX/227 | എ.എം.വർഗ്ഗീസ് |
| 5 | IX/224 | സി.ടി.ഐസക് |
| 6 | IX/222 | ജെയ്സൺ വർഗ്ഗീസ് |
| 7 | IX/221 | ജെയ്മോൻ S/O മാത്യു |
| 8 | IX/220A | പി.എ. ഷാജി |
| 9 | IX/258 | ജിപ്സൺ ജോർജ്ജ് |
| 10 | IX/259 | ജോജി എബ്രഹാം |
| 11 | IX/262 | ബാബു വർഗ്ഗീസ് |
| 12 | IX/263 | എൽദോസ് വർഗ്ഗീസ് |
| 13 | IX/265 | സാബു ടി.വർഗ്ഗീസ് |
| 13 | IX/231 | സാബു വർഗ്ഗീസ് |
| 14 | IX/208 | മത്തായിക്കുഞ്ഞ് |

മേൽ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 2-7 ബി.എസ്.എൻ.എൽ. - സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത്

തൊഴിൽ നികുതി സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ പ്രിൻസിപ്പൽ ജനറൽ മാനേജർ, ബി.എസ്.എൻ.എൽ., പോത്താനിക്കാടിന്റെ ഓഫീസിൽ നിന്നും 2016-17 വർഷം ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചിട്ടുണ്ട്. എന്നാൽ ബി.എസ്.എൻ.എൽ.ന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| 2016-17 ഒന്നാം അർദ്ധ വർഷം | 2016-17 രണ്ടാം അർദ്ധ വർഷം |
|---|---|
| 12500/-<br>രസീത് നം. 11603400012-17-09-2016 | 12500/-<br>രസീത് നം. 116031500022-13-02-2017 |

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C)No. 16670/2006 കേസിൽ 09.09.2016 തീയതിയിൽ പുറപ്പെടുവിച്ച വിധിയിൽ ബി.എസ്.എൻ.എൽ. തൊഴിൽ നികുതി അടയ്ക്കേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്. ആയതിനാൽ ബി.എസ്.എൻ.എൽ.-ൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

# 2-8 പരസ്യ നികുതി ലേലം സംബന്ധിച്ച്

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പരസ്യ നികുതി പിരിക്കുന്നതിനുള്ള അവകാശം 5 പ്രാവശ്യം ലേലം ചെയ്തിട്ടും ആരും ലേലം കൊണ്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| നോട്ടീസ് നമ്പർ/തീയതി | ലേല തീയതി |
|---|---|
| C5-464/16 - 16-02-2016 | 09-03-2016 രാവിലെ 11 മണി |
| C5-464/16 14-03-2016 | 21-03-2016 രാവിലെ 11 മണി |
| C5-464/16 21-03-2016 | 29-03-2016 രാവിലെ 11 മണി |
| C5-464/16 08-04-2016 | 18-04-2016 രാവിലെ 11 മണി |

| | |
|---|---|
| ലേല നോട്ടീസ് ലഭ്യമായില്ല. | 15-06-2016 രാവിലെ 11 മണി |

1. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഗ്രാമ പഞ്ചായത്തിന് പരസ്യ നികുതി പിരിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 256 പ്രകാരം ബൈലോ ഉണ്ടാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 209 പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പരസ്യ നികുതി നേരിട്ട് പിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 കുറഞ്ഞ നിരക്കിൽ ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കുന്നു

2016-17 വർഷത്തെ ഡി & ഒ ലൈസൻസ് സംബന്ധിച്ച് രജിസ്റ്ററുകൾ പരിശോധിച്ചതിൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത് വളരെ കുറഞ്ഞ നിരക്കിലാണ്. ദിനം പ്രതി വിറ്റ് വരവ് കൂടുതലുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് കുറഞ്ഞ നിരക്കിലാണ് ഈടാക്കിയിരിക്കുന്നത്. ആയത് സംബന്ധിച്ച ഉദാഹരണമായി ചില സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര്/സ്ഥാപനത്തിന്റെ തരം/ഉടമയുടെ പേര് | ലൈസൻസ് രജിസ്റ്റർ ക്രമ നം. /പേജ് നം./ കെട്ടിട നം. | ഒരു ദിവസത്തെ വിറ്റു വരവ് (അപേക്ഷ പ്രകാരം ) | ഈടാക്കിയ ലൈസൻസ് ഫീസ് | രസീത് നം /തീയതി |
|---|---|---|---|---|---|
| 1 | കുമ്മം കോട്ടിൽ ഹാർഡ് വെയേഴ്സ്/ ഹാർഡ് വെയർ/ | 33/9 /IX-372 | 3000 | 100 | 11503102543 /16-03-2016 |
| 2 | അമ്മൂസ് ബേക്കറി/ ബേക്കറി / രാജമ്മ തങ്കപ്പൻ, | 55/14 /X-28 | 200 | 100 | 11503102702 /22-03-2016 |
| 3 | 4 U കാറ്ററിംഗ് | 54/14 /II-349 B | 21000- | 100 | 11503102698 /22-03-2016 |
| 4 | സെന്റ് മേരീസ് മെഡിക്കൽസ്/ ജിജിമോൾ വർഗ്ഗീസ്, ഇലവുംതിട്ടയിൽ | 46/12 /IX-369 | 200/- | 100 | 11503102616 /18-03-2016 |
| 5 | സാൻ മറിയ മെഡിക്കൽ സ്റ്റോർ/ മറിയക്കുട്ടി, തോലാനിക്കുന്നേൽ | 23/6 /X-37 | 100 | 100 | 11503102398 /09-03-2016 |
| 6 | ജംബോ ട്രേഡേഴ്സ് /ഇലക്ട്രിക്കൽ സാനിറ്ററി സാധനങ്ങൾ/സൂസൻ തമ്പി,കൊച്ചുപറമ്പിൽ | 13/XI-462 B-4 | 2000 | 100 | 11503102276 /29-02-2016 |

1. ഐറ്റം നം. 3 ൽ 21000/- രൂപ പ്രതി ദിന വിറ്റ് വരവ് ഉള്ളതായി അപേക്ഷയിൽ

രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈടാക്കിയ ലൈസൻസ് ഫീസ് 100/- രൂപയാണ്. ദിവസേനയുള്ള ശരാശരി വിറ്റു വരവ് 15000 രൂപ മുതൽ 25000 രൂപ വരെ 500 രൂപയാണ് ലൈസൻസ് ഫീസായി ഈടാക്കേണ്ടത്. കുറവായി ഈടാക്കിയ 400/- രൂപ ബന്ധപ്പെട്ട സ്ഥാപന ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്.

2. മേൽ ചേർത്തിരിക്കുന്നതിൽ നിന്നും ശരിയായ വിറ്റുവരവ് കണക്കാക്കിയല്ല ലൈസൻസ് ഫീസ് ഈടാക്കുന്നത് എന്ന് വ്യക്തമാണ്. ഹാർഡ് വെയേഴ്സ്, റബ്ബർ വ്യപാരം, കൺസ്യൂമർ സ്റ്റോർ, മെഡിക്കൽ സ്റ്റോറുകൾ, വലിയ ബേക്കറികൾ തുടങ്ങിയവ പോലെയുള്ള വൻകിട സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കുന്നത് പരിശോധിക്കേണ്ടതാണ്. ഉയർന്ന വിറ്റുവരവ് ഉള്ള സ്ഥാപനങ്ങളിൽ നിന്നും പരമാവധി ലൈസൻസ് ഫീസ് ഈടാക്കുവാനും അതുവഴി തനത് വരുമാനം കുറഞ്ഞ ഈ ഗ്രാമ പഞ്ചായത്തിൽ (2016-17 വർഷത്തെ ഡി&ഒ ലൈസൻസ് ഫീസിനത്തിലുള്ള വരവ് 61700/-രൂപയാണ്) വരുമാനം വർദ്ധിപ്പിക്കുവാനും നടപടി സ്വീകരിക്കേണ്ടതാണ്.

# 2-10 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഗ്രാമ പഞ്ചായത്ത് വകയായുള്ള ഷോപ്പിംഗ് കോംപ്ളക്സിലെ കടമുറികൾ വാടകയ്ക്ക് കൊടുത്തിട്ടുണ്ട്. ഈ കോംപ്ളക്സിലെ സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ് / ഈടാക്കിയിട്ടില്ല . ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ ഡി&ഒ ലൈസൻസ് ഫീസ് പിരിച്ചിട്ടില്ല എന്ന് അറിയിച്ചു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | റൂം നം. | വാടകക്കാരന്റെ പേര് |
|---|---|---|
| 1 | IX/231 | സാബു വർഗ്ഗീസ് |
| 2 | IX/230 | സാബു വർഗ്ഗീസ് |
| 3 | IX/229 | ജോബി പി എബ്രഹാം |
| 4 | IX/227 | എ.എം.വർഗ്ഗീസ് |
| 5 | IX/224 | സി.ടി.ഐസക് |
| 6 | IX/222 | ജെയ്സൺ വർഗ്ഗീസ് |
| 7 | IX/221 | ജെയ്മോൻ S/O മാത്യു |
| 8 | IX/220A | പി.എ.ഷാജി |
| 9 | IX/258 | ജിപ്സൺ ജോർജ്ജ് |
| 10 | IX/259 | ജോജി എബ്രഹാം |
| 11 | IX/262 | ബാബു വർഗ്ഗീസ് |
| 12 | IX/263 | എൽദോസ് വർഗ്ഗീസ് |
| 13 | IX/265 | സാബു .ടി.വർഗ്ഗീസ് |
| 13 | IX/231 | സാബു വർഗ്ഗീസ് |
| 14 | IX/208 | മത്തായിക്കുഞ്ഞ് |

ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കട മുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകി ഫീസ് ഈടാക്കാത്തത് ഓഡിറ്റ് ഗൗരവമായി കാണുന്നു. തനത് വരുമാനം കുറവുള്ള ഗ്രാമ പഞ്ചായത്തിൽ, പഞ്ചായത്ത് വകയായുള്ള കടമുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നു പോലും ലൈസൻസ് നൽകി ഫീസ് ഈടാക്കാത്തത് ഗുരുതരമായ കൃത്യവിലോപമാണ്. അപാകതയാണ്. ലൈസൻസ്

ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-11 കടമുറികൾ വാടകയ്ക്ക് നൽകൽ - അപാകതകൾ

2016-17 വർഷം ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള 36 കടമുറികൾ (വാടക രജിസ്റ്റർ പ്രകാരം) വാടകയ്ക്ക് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു :-

(എ) ഡെപ്പോസിറ്റ് രജിസ്റ്റർ.

വാടക രജിസ്റ്ററിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് സംബന്ധിച്ച വിവരം പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ ഒരോ വർഷവും വാടകയിൽ വരുന്ന വർദ്ധന കണക്കാക്കിയുള്ള തുക മാത്രമാണ് ഡെപ്പോസിറ്റ് ആയി രേഖപ്പെടുത്തുന്നത് (ഉദാ- വാടക രജിസ്റ്റർ പേജ് 12 ൽ IX/220ന്റെ ഡെപ്പോസിറ്റ് തുകയായി രേഖപ്പെടുത്തിയിരിക്കുന്നത് 510/- രൂപ). ഒരു മുറിയുടെ മുഴുവൻ ഡെപ്പോസിറ്റ് സംബന്ധിച്ച വിവരവും രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(ബി) വാടകയ്ക്ക് എടുത്തയാൾ സബ് ലെറ്റ് ചെയ്തത് സംബന്ധിച്ച്.

വാടക രജിസ്റ്റർ പേജ് 12 ൽ IX/220 നം. പ്രകാരം ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ളക്സിലുള്ള കടമുറി എൽസൺ എബ്രഹാം, വെട്ടുകുഴിയിൽ, പോത്താനിക്കാട് എന്നയാളുടെ പേരിലാണ്. പ്രതിമാസം 3558/- രൂപയാണ് വാടക. രസീത് നം. 11603100023/04-04-2016 പ്രകാരം വാടക തുക അടച്ചിരിക്കുന്നത് എൽസൺ എബ്രഹാം എന്നയാളുടെ പേരിലാണ്. എന്നാൽ 11603100136/18.04.16 പ്രകാരം 600/- രൂപ സ്ഥാപന തൊഴിൽ നികുതിയും, 11603100135/18-04-2016 പ്രകാരം ഡി&ഒ ലൈസൻസ് ഫീസും അടച്ചിരിക്കുന്നത് ലില്ലി ബേബി എന്നയാളുടെ പേരിലാണ്. ഇതിൽ നിന്നും ഗ്രാമ പഞ്ചായത്ത് വക കടമുറി വാടകയ്ക്ക് എടുത്ത് മറ്റൊരാൾക്ക് കൈമാറുക വഴി സബ് ലെറ്റിംഗ് നടത്തിയതായി മനസ്സിലാക്കുന്നു. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും ) ചട്ടങ്ങൾ ചട്ടം 7 ഉപചട്ടം 3(1) പ്രകാരം വാടകയ്ക്ക് കൊടുത്തിട്ടുള്ള യാതൊരു കെട്ടിടമോ മുറിയോ ഇടമോ ലൈസൻസുകാരൻ മറ്റൊരാൾക്ക് വാടകയ്ക്ക് കൊടുക്കാനോ അതിന്റെ ഉപയോഗത്തിന്റെ സ്വഭാവം മാറ്റാനോ പാടില്ലാത്തതാകുന്നു. പോത്താനിക്കാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും വാടകക്കാരനായ എൽസൺ എബ്രഹാമും തമ്മിലുള്ള വാടക കരാറിന്റെ വ്യവസ്ഥ 6 ൽ മേൽ വിവരം സൂചിപ്പിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ നിന്നും കടമുറികൾ വാടകയ്ക്കെടുത്ത് മറ്റൊരാൾക്ക് കൈമാറിയത് ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 12 ന് നൽകിയ മറുപടിയിൽ ക്ളറിക്കൽ മിസ്റ്റേക്കാണ് എന്ന മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. കരാർ ലംഘനം നടത്തിയതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(സി) മുറികൾ കയ്യൊഴിച്ചത് സംബന്ധിച്ച്.

ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിട മുറികൾ (ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ) വാടകയ്ക്ക് എടുത്തിരിക്കുന്നവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം. 7 നൽകിയതിനുള്ള മറുപടിയിൽ ചുവടെ ചേർക്കുന്ന കടമുറികൾ കാലിയായി കിടക്കുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | കെട്ടിടത്തിന്റെ നം. | വാടകക്കാരന്റെ പേര് |
|---|---|---|
| 1 | XI/448 | അനിമോൻ |
| 2 | XI/449 | സിബി പോൾ |
| 3 | XI/450 | സിബി പോൾ |
| 4 | XI/451 | സാബു മാത്യു |
| 5 | XI/452 | എൽദോസ് കുര്യാക്കോസ് |

| | | |
|---|---|---|
| 6 | XI/453 | ബേസിൽ പോൾ |

വാടക രജിസ്റ്റർ പരിശോധിച്ചതിൽ മേൽ കടമുറികളിൽ നിന്നും വാടക 2016-17 വർഷം പിരിക്കുന്നുണ്ട് (ഉദാ- രസീത് നം. 11603103769/ 14-03-2017- പ്രതിമാസ വാടക -753/-). എന്നാൽ എൻക്വയറി 7-ന നൽകിയ മറുപടിയിൽ കാലിയായി കിടക്കുന്നു എന്നും രേഖപ്പെടുത്തിയിരിക്കുന്നത് പരിശോധിക്കേണ്ടതാണ്. തനത് വരുമാനം കുറഞ്ഞ ഈ ഗ്രാമ പഞ്ചായത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിന് വാടകയുടെ പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്. ഈ മുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൾ ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

മേൽ അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - അപാകതകൾ

ഗ്രാമപ്പഞ്ചായത്ത് തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് പ്രതിമാസം 38,878/-രൂപ നിരക്കിലാണ് തൻവർഷം അടച്ചിരിക്കുന്നത്. വൈദ്യുതി ബോർഡ് താഴെപ്പറയും പ്രകാരം കണക്കാക്കിയിരിക്കുന്ന നിരക്കിലാണ് 16.08.2014 മുതൽ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടച്ചുവരുന്നത്.

| വിളക്കിന്റെ തരം | വാട്ട് | എണ്ണം |
|---|---|---|
| സാധാരണം | 60 W | 236 |
| സി.എഫ്.എൽ | 2 *11W | 78 |
| ട്യൂബ് | 40 W | 14 |
| ട്യൂബ് | 2*40 W | 15 |
| എം.വി.ലാംപ് | 125 W | 6 |
| എസ്.വി.ലാംപ് | 250 W | 24 |
| എം.വി.ലാംപ് | 80 W | 13 |

17.04.2017 മുതൽ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് 43,421/- രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ പഞ്ചായത്തും ബന്ധപ്പെട്ട വൈദ്യുതി ബോർഡ് അധികൃതരും ചേർന്ന് ഒരു സംയുക്ത പരിശോധന നടത്തുകയോ അപ്രകാരം ബിൽ തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

പഞ്ചായത്തു പരിധിയിൽ ഇപ്പോൾ 22W CFL, 9W LED വിളക്കുകൾ മാത്രമാണ് നിലവിലുള്ളത് എന്നതിനാൽ മേൽപ്പറയും പ്രകാരം സംയുക്ത പരിശോധന നടത്തുകയും ഈയിനത്തിൽ പഞ്ചായത്തിന്റെ ബാദ്ധ്യത കുറയ്ക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് വൈദ്യുതി ബോർഡുമായി ബന്ധപ്പെട്ട് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 വെള്ളക്കരം - വൻതുക കുടിശ്ശിക

| | |
|---|---|
| വൗച്ചർ നം. | 462/31-10-2016 |
| ചെലവ് വിവരം | വെള്ളക്കരം കുടിശ്ശിക അടയ്ക്കൽ |
| ആകെ അടച്ചത് | 400000/- |
| ചെക്ക് നം./ട്രഷറി ബിൽ നം. | 15/2016-17തിയതി 26-10-2016 |

പഞ്ചായത്തിലെ 167 പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക സഹിതം ഒടുക്കുന്നത് സംബന്ധിച്ച് മൂവാറ്റുപുഴ ജല അതോറിറ്റിയിൽ നിന്നുള്ള 2016 ഒക്ടോബർ മാസത്തെ ഡിമാന്റ് നോട്ടീസിന്റെ (ബിൽ നം. 12151/01-10-2016) വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---:|
| 30.09.2016 വരെ കുടിശ്ശക | 56,60,863/- |
| പിഴ പലിശ | 1,11,067/- |
| 10/2016 ലെ വെള്ളക്കരം | 73,063/- |
| ആകെ | 58,44,993/- |

മേൽ തുകയിൽ 4,00,000/- രൂപ മാത്രമാണ് പ്രോജക്ട് S0014/17 പ്രകാരം മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് തൻ വർഷം അടച്ചിട്ടുള്ളത്. ഇതിൽ നിന്നും ഒരു വർഷത്തെ ബാധ്യതയായ 8,76,756- രൂപ ഒടുക്കുന്നതിന് പഞ്ചായത്തിന് സാധിക്കുന്നില്ല എന്ന് വ്യക്തമാണ്.

05.11.16 – ലെ 1(7)-ാം നം. പഞ്ചായത്തുകമ്മിറ്റി തീരുമാനപ്രകാരം ഉപയോഗമില്ലാത്ത 130 പൊതുടാപ്പുകൾ ഒഴിവാക്കാനും അതിനാവശ്യമായ തുക ( 130*918/-=1,19,340/-) ജല അതോറിറ്റിയിൽ അടക്കാനും തീരുമാനിച്ചു. എന്നാൽ പിന്നീട് അത് 108 ടാപ്പുകൾ ആക്കി കുറയ്ക്കുകയും അവ ഒഴിവാക്കുന്നതിനാവശ്യമായ തുക (108*918/-=99,144/-) ജല അതോറിറ്റിയിൽ അടയ്ക്കുകയും ചെയ്തു. ഈ തുക AV No 0842625 രശീതു പ്രകാരം 27.02.17 ന് ജല അതോറിറ്റി കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഒഴിവാക്കിയ ടാപ്പുകൾ, അവശേഷിക്കുന്ന ടാപ്പുകൾ, എന്നിവ സംബന്ധിച്ച് ജല അതോറിറ്റിയിൽ നിന്ന് യാതൊരു രേഖയും ലഭിച്ചതായി ഫയലിൽ കാണുന്നില്ല. അവശേഷിക്കുന്ന പൊതുടാപ്പുകളുടെ തിട്ടപ്പെടുത്തിയ വെള്ളക്കരത്തിന്റെ ബിൽ സെക്രട്ടറി 05/17-ൽ ആവശ്യപ്പെട്ടെങ്കിലും 7/17-ൽ ലഭിച്ചത് 167 ടാപ്പുകളുടെ ബില്ലാണ്. അതു പ്രകാരം അടക്കേണ്ടത് മുൻബാക്കിയായ 68,56,710/-രൂപയും പിഴപ്പലിശയായ 1,34,524/-രൂപയും തൻമാസത്തെ ഡിമാന്റായ 73,063/-രൂപയും ചേർന്ന് 70,64,297/-രൂപയാണ്. 167 പൊതുടാപ്പുകളിൽ ഉപയോഗമില്ലാത്ത 108 എണ്ണം ഒഴിവാക്കിയതിനാൽ അവശേഷിക്കുന്നവയ്ക്കു മാത്രമേ കരം അടയ്ക്കേണ്ടതുള്ളു. ആയതിനാൽ ബില്ലിൽ ആവശ്യമായ ക്രമീകരണം നടത്തുന്നതിനും 2/17മുതലുള്ള ബിൽ തുക കുറച്ചു കിട്ടുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

തനത് വരുമാനം തീരെ കുറവായ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന് പിഴപ്പലിശ ചേർന്ന് വർദ്ധിച്ചുവരുന്ന വെള്ളക്കരം അടയ്ക്കുന്നത് ഒരു വലിയ ബാധ്യതയാണ്. ഈ സാഹചര്യം ഒഴിവാക്കി പഞ്ചായത്തിന്റെ ബാദ്ധ്യത കുറയ്ക്കുന്നതിന് 'മുൻകാലങ്ങളിൽ ഉപയോഗത്തിലിരുന്നവയ്ക്കും നിലവിൽ ഉപയോഗത്തിലുള്ളവയ്ക്കും മാത്രം ചാർജ്ജ് കണക്കാക്കി പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി തരണമെന്നും അവ നിശ്ചിത ഗഡുക്കളായി അടച്ചുതീർക്കാൻ അനുവദിക്കണമെന്നും' ആവശ്യപ്പെട്ട് പഞ്ചായത്ത് ജല അതോറിറ്റി മാനേജ്മെന്റിന് പ്രത്യേക അപേക്ഷ നൽകി നടപടി സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം കുറച്ച് കിട്ടുന്ന തുക സമയപരിധിക്കുള്ളിൽ അടച്ചുതീർക്കുന്നതിന് സർക്കാരിൽ (കോർഡിനേഷൻ കമ്മറ്റി) നിന്ന് അനുമതി വാങ്ങേണ്ടതാണ്..

## 3-3 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം./ പേര് | S0028/17 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോമിയോ, മൂവാറ്റുപുഴ |

| | | | |
|---|---|---|---|
| അടങ്കൽ | 1,00,000/- | ചെലവ് | 1,00,000/- |
| ട്രഷറി ബിൽ നം. | 1/16-17 – 21-02-2017 | | |

മേൽ പദ്ധതിപ്രകാരം പോത്താനിക്കാട് ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് 1,00,000/-രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ- ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, പാതിരാപ്പള്ളി പി.ഒ., ആലപ്പുഴയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭിക്കുന്നതിനുള്ള കാലതാമസം ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കുന്നതിനാൽ കാലതാമസം കൂടാതെ മരുന്ന് ലഭ്യമാക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-4 വയോജനങ്ങൾക്ക് പ്രതിരോധ മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായി ലഭ്യമാക്കിയില്ല

2016-17 വർഷം മെഡിക്കൽ ഓഫീസർ - ആയുർവ്വേദം നടപ്പിലാക്കിയ വയോജനങ്ങൾക്ക് പ്രതിരോധ മരുന്ന് വാങ്ങൽ പ്രോജക്ട് പ്രകാരം 302960/- രൂപ ഔഷധിക്ക് കൈമാറിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| പ്രോജക്ട് നം./പേര് | S0019/17 വയോജനങ്ങൾക്ക് പ്രതിരോധ മരുന്ന് വാങ്ങൽ | | |
| പ്രോജക്ട് അടങ്കൽ | 302960/- | ചെലവ് | 302960/- |
| ട്രഷറി ബിൽ നം. | 2/16-17-17-02-2017 (ബാങ്ക് ട്രാൻസ്ഫർ മുഖേന- 30-03-2017) | | |

പ്രോജക്ട് പ്രകാരം 302960/- രൂപയും ഔഷധിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ആകെ 136362/-രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചത്. ഇനി 166598/- രൂപയുടെ മരുന്ന് ലഭിക്കാനുണ്ട്. ഇൻവോയ്സ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഇൻവോയ്സ് നം. 4940/29-03-2017 | 20630/- |
| ഇൻവോയ്സ് നം. 4944/29-03-2017 | 115732/- |
| ആകെ | 136362/- |

ബാക്കി തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കുന്നതിനും ഈ പ്രോജക്ടിന് ലഭിച്ച മരുന്നിന്റെ വിതരണം പ്രത്യേകമായി രേഖപ്പെടുത്തുന്നതിനും മെഡിക്കൽ ഓഫീസർ നടപടി സ്വീകരിക്കേണ്ടതാണ്.

# 3-5 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

2016-17 വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പി.എം.എ.വൈ. (വിഹിതം കൈമാറൽ) പ്രോജക്ട് പ്രകാരം കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന് 60000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. പ്രോജക്ട് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| പ്രോജക്ട് നം./പേര് | S0140/17 പി.എം.എ.വൈ.അഡീഷനൽ ഷെയർ | | |
| പ്രോജക്ട് അടങ്കൽ | 60000/- | ചെലവ് | 60000/- |
| ട്രഷറി ബിൽ നം. | 17/16-17-30-03-2017 | | |

കൈമാറിയ തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

# 3-6 വാഹന വാടക നൽകിയത് - ആദായനികുതി

## ഈടാക്കിയില്ല.

മെഡിക്കൽ ഓഫീസർ, പ്രൈമറി ഹെൽത്ത് സെന്റർ, പോത്താനിക്കാട് പ്രോ.നം. 26/2017 പാലിയേറ്റീവ് ഹോംകെയറുമായി ബന്ധപ്പെട്ട് KL-38A-2573വാഹനം ഓടിയ വകയിൽ ശ്രീ. പോൾ പി.ജെ., പരാക്കുന്നേൽ, കുവള്ളൂർ പി.ഒ, പോത്താനിക്കാട് എന്ന വ്യക്തിക്ക് വാഹന വാടക ഇനത്തിൽ ആകെ 1,06,400/- രൂപ നൽകിയിട്ടുണ്ട്. ആദായനികുതി ആക്ട് സെക്ഷൻ 194c അനുസരിച്ച് ട്രാൻസ്പോർട്ട് കോൺട്രാക്ട് ചെലവ് പ്രതിവർഷം 75,000 രൂപയിൽ അധികം വരുന്ന തുകയിൽ നിന്നും 1% ആദായനികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരം നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ നൽകുന്നു.

| ബിൽ നം./തീയതി | വാഹനം ഉപയോഗിച്ച മാസം | നൽകിയ തുക |
|---|---|---|
| 1/16-17,28.10.16 | 5.4.16 മുതൽ 29.9.16 വരെ | 43,200 |
| 2/16-17,31.1.17 | 3.10.16 മുതൽ 29.12.16 വരെ | 31,200 |
| 3/16-17,24.3.17 | 3.1.17 മുതൽ 22.3.17വരെ | 32,000 |
| ആകെ | | 1,06,400 |

ആയതിനാൽ 1,06,400/- രൂപയുടെ 1% തുകയായ 1,064/- രൂപ ആദായനികുതിയായി ഈടാക്കി ഇൻകം ടാക്സ് ഡിപ്പാർട്ടുമെൻറിൽ അടയ്ക്കേണ്ടതാണ്.

## 3-7 ഇ-ടെൻഡർ മുഖേന ടെൻഡർ നടത്തിയ പ്രവൃത്തികളുടെ ടെൻഡർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല.

2015-16, 2016-17 വർഷങ്ങളിലെ ഇ-ടെൻഡർ വഴി നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ടെൻഡർ ഫീ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു :-

| വർഷം | ക്രമ നം. | പ്രവൃത്തിയുടെ പേര് | ടെൻഡർ ഫീ |
|---|---|---|---|
| 2015-16 | 1 | പോത്താനിക്കാട് ബസ് സ്റ്റാൻഡ് നവീകരണം | 5,250 |
| | 2 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം | 1,300 |
| | ആകെ | | 6,550 |
| 2016-17 | 1 | അഗ്രികൾച്ചറൽ മാർക്കറ്റ് ടൈലിംഗ്, ഷെഡ് നിർമ്മാണം | 1,365 |

മേൽ ചേർത്തിരിക്കുന്ന പ്രകാരമുള്ള തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1,90,000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 1,90,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം | 1,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 48,000 | നെൽകൃഷി വികസനം | 48,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 1,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം | 1,00,000 | 0 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 105/17 സ്ട്രീറ്റ് ടാപ്പ് ഒഴിവാക്കൽ | 21600707/ 21.2.17 | 99,144 | 99,144 | - |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/വായ്പ തിരിച്ചടവ്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ലോൺ തിരിച്ചടവ് | സ.ഉ.(സാ.ധാ) 1098/2010/ ത.സ്വ.ഭ.വ /27.03.2010 | 31,05,000 | 7,27,481 | 1,69,169 | - | 5,58,312 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 20,527/-* രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2012-13, 2013-14 | 2-4, 2-5 | 500 (250+250) | നസീമ | 11603100981/30.7.16 11603100986/1.8.16 |
| | 2-2 | 250 | ഷിനു | 11603100975/29.7.16 |
| 2014-15 | 2-1 | 134 | ജഗൻ ജെയിംസ് | 1160310175/29.9.16 |
| | 2-1 | 193 | വർക്കി ഏലിയാസ് | 11603101232/31.8.16 |
| | 2-2 | 1,800 | സെന്റ് തോമസ് ഹോസ്പിറ്റൽ | 11603101184/26.8.16 |
| | 2-2 | 250 | തങ്കമ്മ കിളിയൻ | 11603500008/11.8.16 |
| | 2-3 | 5,000 | മാവേലിസ്റ്റോർ | 11603101261/3.9.16 |
| | 2-3 | 2,400 | നീതിസ്റ്റോർ | 11603101420/20.9.16 |
| | 2-3 | 3,000 | നീതിസ്റ്റോർ,പലചരക്ക് | 11603101421/20.9.16 |
| | 2-3 | 1,200 | നീതി സ്റ്റോർ വളം | 11603101421/20.9.16 |
| 2015-16 | 2-4 | 2,500 | മാവേലിസ്റ്റോർ | 1160310261/3.9.16 |
| | 2-4 | 1,200 | നീതി സ്റ്റോർ | 11603101420/20.9.16 |
| | 2-4 | 1,500 | നീതിസ്റ്റോർ,പലചരക്ക് | 11603101422/20.9.16 |
| | 2-4 | 600 | നീതിസ്റ്റോർ വളം | 11603101421/20.9.16 |
| ആകെ | | 20,527 | | |

* വാർഷിക ധനകാര്യ പത്രികയിൽ ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ I-18 പ്രയർ പിരിയഡ് ഐറ്റത്തിൽ 9,000/- രൂപ മാത്രം ഉൾപെട്ടിട്ടുള്ളത് മറ്റ് തുകകൾ അതാത് ഇനത്തിന്റെ അക്കൗണ്ടുകളിലാണ് ഉൾപെട്ടിട്ടുള്ളത്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1998 മുതൽ 2001-02 വരെയുള്ള പദ്ധതി ചെലവ് | 20 | 2014-16 | 3.7.1.9.3 | ഗ്രാമ പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം - അപാകത | WP(C) 18345/2008 നം. കേസ് പ്രകാരം സ്റ്റേയിലാണ്. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 2,32,24,227 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2,11,78,397 |
| വരവിനങ്ങളിലുള്ള നഷ്ടം | 400 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | --- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | --- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-9 | 400 | --- | പി. അശോകൻ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക. - ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-6 | 1,064/- | ഡോ. സഖിൽ രവീന്ദ്രൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നം. 2-4

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി. അശോകൻ, സെക്രട്ടറി | സെക്രട്ടറി, വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് | അക്ഷര, പെരുമ്പാവൂർ |

| | | |
|---|---|---|
| ഡോ. സഖിൽ രവീന്ദ്രൻ,<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി പോത്താനിക്കാട് | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി,<br>പോത്താനിക്കാട് | മഠത്തിൽ,<br>തായിക്കാട്ടുകര,<br>അമ്പാട്ടുകാവ്, ആലുവ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ(പി1)89/98 തീ. 04.01.1999 |
| 1997-98 | എൽ.എഫ്.ഇ(പി1)1148/98 തീ. 04.01.1999 |
| 1998-99 മുതൽ 2001-02 വരെയുള്ള പദ്ധതി ചെലവ് | എൽ.എഫ്.ഇ(പി1)72/2004 തീ. 13.092.04 |
| 2001-2002 പദ്ധതി ചെലവ് | എൽ.എഫ്.ഇ(പി1)1610/2009 തീ. 23.07.10 |
| 2002-2003 | എൽ.എഫ്.ഇ(പി7)1611/2009 തീ. 23.07.10 |
| 2003-2004 | എൽ.എഫ്.ഇ(പി7)1612/2009 തീ. 23.07.10 |
| 2004-2005 | എൽ.എഫ്.ഇ(പി7)1613/2009 തീ. 23.07.10 |
| 2005-2006 | എൽ.എഫ്.ഇ(പി7)1614/2009 തീ. 23.07.10 |
| 2006-2007 | എൽ.എഫ്.ഇ(പി7)916/2011തീ. 26.12.2011 |
| 2007-2008 | എൽ.എഫ്.ഇ(പി7)916(എ)/2011തീ.26.12.2011 |
| 2008-2009 മുതൽ 2010-2011 വരെ | എൽ.എഫ്.ഇ(പി7)165/2013 തീ. 26.12.2013 |
| 2011-2012 | എൽ.എഫ്.ഇ(പി7)1589/2014 തീ.05.11.14/12.12.2014 |
| 2012-13 & 2013-14 | കെ.എസ്.എ.ഇ.കെ.എം(പി7)495/15 തീ. 22.05.2015/ 17.07.15 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം(പി7)1331/16 തീ. 07.08.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി14)77/17 തീ. 31.01.17 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# അനുബന്ധം - 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2016-17

നം.കെ.എസ്.എ.-ഇ.കെ.എം(പി14)1495/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 14.09.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 2-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

# APPENDIX – I

# AUDIT CERTIFICATE – 2016-17

No.KSA-EKM(P.14)1495/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in
Date : 14.09.2017

Certified that I have audited the Annual Financial Statement of POTHANIKKAD Grama Panchayat in Ernakulam District for the Financial Year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of POTHANIKKAD Grama Panchayat for the Financial Year 2016-17 except the observations in para 2-1 of my audit report properly presents the picture of income and expenditure.

Deputy Director